പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി നൽകുന്നതിന് പദ്ധതി

*27 [300] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലേയ്ക്ക് വൈദ്യുതി നൽകുന്നതിന് പ്രത്യേക പരിഗണനയുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത്തരം കോളനികളിൽ അല്ലാതെ ഒറ്റപ്പെട്ടു താമസിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളിലേക്ക് വൈദ്യുതി നൽകുന്നതിന് പ്രത്യേക പരിഗണനയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന് പി.എം.ജി.വൈ-ൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികളിൽ വൈദ്യുതീകരണ ജോലികൾ മുൻഗണനാക്രമത്തിൽ ചെയ്തുവരുന്നു.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവർക്ക് മുൻഗണനാടിസ്ഥാനത്തിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന മന്ത്രിമാരുടെ ഡൽഹി യാത്ര

1 [1575] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിമാരുടെ ഡൽഹി യാത്രകൾവഴി സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തിന്റെ വികസനവുമായി/ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിന്റെ അനുമതിയും സഹായസഹകരണങ്ങളും ലഭിക്കേണ്ടുന്ന നിരവധി പ്രശ്നങ്ങൾ പ്രധാനമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാരുടെയും ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെയും സജീവ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, അക്കാര്യങ്ങളിൽ സംസ്ഥാനത്തിന് അനുകൂലമായ തീരുമാനങ്ങളെടുക്കാൻ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിനും കഴിയുന്നുണ്ട് എന്നുള്ളതാണ് സംസ്ഥാന മന്ത്രിമാരുടെ ഡൽഹി യാത്രകൾ കൊണ്ടുള്ള നേട്ടം.

LIBRARY ARCHIVES Kerala Legislative Assembly